"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മയ്യിൽ ഗ്രാമപഞ്ചായത്ത് - 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.9 സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.751/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 23/03/2013

പരാമർശം:- 1) 29/09/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-27008/12 -ാം നമ്പർ കത്ത്.

2) 07/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ് 23730/പി.റ്റി3/2012 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം വിദ്യാകിരണം പ്രോജക്ടിനു വേണ്ടി ചെലവഴിച്ച 71,798/-രൂപയിൽ ഹൈസ്കൂൾ കുട്ടികൾക്കുള്ള സ്പെഷ്യൽ കോച്ചിംഗ് ക്യാമ്പിനു വേണ്ടി ചെലവഴിച്ച 18,026/- രൂപ (പതിനെട്ടായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ചെലവായതിനാൽ നിരാകരിക്കുകയും സർക്കാർ സാധൂകരണത്തിന് അപേക്ഷിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

മയ്യിൽ ഗ്രാമപഞ്ചായത്തിൽ ഹൈസ്കൂൾ കുട്ടികൾക്കുള്ള സ്പെഷ്യൽ കോച്ചിംഗ് ക്യാമ്പിന് വേണ്ടി 18,026/- രൂപ ചെലവഴിച്ച നടപടി സദുദ്ദേശ്യത്തോടെ നടപ്പിലാക്കിയതാണെന്നും ആയതിനാൽ ടി തുകയ്ക്ക് സാധൂകരണം നൽകണമെന്നും 24/01/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 5/12(1)-ാം നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 -ൽ ആഡിറ്റ് തടസ്സപ്പെടുത്തിയ ഹൈസ്കൂൾ കുട്ടികൾക്കുള്ള സ്പെഷ്യൽ കോച്ചിംഗ് ക്യാമ്പിന് വേണ്ടി 18,026/- രൂപ (പതിനെട്ടായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ , Tvm
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ